കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail: lfadekm@gmail.com
www.lfa.kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം.(പി7)120/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്- 682030
ഫോൺ : 0484 2422271
email:doekm.ksad@kerala.gov.in
തീയതി: 15.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേക്കും ഭാഗം 3ലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഇ.കെ.എം.(പി7)120/2019 തിയ്യതി: 15.02.2019

# എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2017 മുതൽ 18.01.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി. ജയ.സി.ആർ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19.01.2019മുതൽ 29.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. അജിമോൻ.പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ജോമോൾ.എം. ജോണി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ജോർജ്ജ്കുട്ടി ജോസഫ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. പ്രവീൺ.വി.എൻ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.എ.വി.സുരേഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി.ജാൻസി ഷാജി | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.സാബു മത്തായി | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി.സ്റ്റെല്ല ബൈജു | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.നിസാർ മുഹമ്മദ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | : | ശ്രീമതി.വി.എസ്.കലാമണി | 01.04.2017 മുതൽ 16.03.2018 വരെ |
| | | ശ്രീ.സുരേഷ്കുമാർ.കെ.എ. അസിസ്റ്റന്റ് സെക്രട്ടറി. ഇൻ ചാർജ്ജ് | 17.03.2018 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | : | ശ്രീമതി.നസിയ.പി.എം. | 01.04.2017മുതൽ 31.3.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | : | ശ്രീ.സുരേഷ്കുമാർ.കെ.എ. | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | : | ശ്രീമതി.ആശ.എസ്. | 01.04.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | : | ഡോ.ജെസി.കെ.ജോർജ്ജ് | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | : | ഡോ.അഭിലാഷ് കൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ | : | ഡോ.ജോൺ ജേക്കബ്ബ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| ആശുപത്രി | | | |
| മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | : | ഡോ.റോയ്.എം.ജോർജ്ജ് | 01.04.2017മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | : | ശ്രീ.മൃദുൽ മോഹൻ | 01.04.2017മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് | : | ശ്രീമതി.സതി.കെ.കെ. | 01.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി.ലൈല.കെ.എച്ച്. | 01.04.2017മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | : | ശ്രീമതി.സുപ്രിയാ ദേവി | 01.04.2017മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം 2 | |
| 14 | ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് | 2-1 |
| 15 | കോഴി ഫാം ലൈസൻസ് - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 2-2 |
| 16 | ചട്ടങ്ങൾ പാലിക്കാതെ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുന്നു. | 2-3 |
| 17 | ട്രേഡേഴ്സ് ലിസ്റ്റ് - പഞ്ചായത്ത് തീരുമാനം നടപ്പിലാക്കിയില്ല -ഫീസ്, നികുതി | 2-4 |

| | | |
|---|---|---|
| | വരുമാനത്തിൽ കുറവ്. | |
| 18 | മുറിച്ചിട്ട മരങ്ങൾ ലേലം ചെയ്ത് തുക മുതൽക്കൂട്ടിയില്ല. | 2-5 |
| 19 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം | 2-6 |
| 20 | മരാമത്ത് പ്രവൃത്തികൾ - ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല | 2-7 |
| | ഭാഗം 3 | |
| 21 | വെള്ളക്കരം അടക്കാത്തത് മൂലം ഭീമമായ കുടിശ്ശിക -ഗ്രാന്റ് തുക 41.04 ലക്ഷം രൂപ നഷ്ടപ്പെട്ടു. | 3-1 |
| 22 | ടെണ്ടർ ഏറ്റവും കുറഞ്ഞ നിരക്ക് കാരണം രേഖപ്പെടുത്താതെ നിരസിച്ചു. | 3-2 |
| 23 | സർക്കാർ അനുമതിയില്ലാതെ - ദിവസവേതനത്തിൽ നിയമനം | 3-3 |
| 24 | ചെലവുരേഖകൾ ലഭ്യമാക്കിയില്ല | 3-4 |
| 25 | പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് (ഗ്രീൻ പ്രോട്ടോക്കോൾ) ബൈലോ - അംഗീകാരം നേടിയിട്ടിയില്ല. | 3-5 |
| 26 | ദർഘാസ് പരസ്യങ്ങൾ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-6 |
| 27 | കടവൂർ പി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങൽ -അപാകത | 3-7 |
| 28 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-8 |
| 29 | തെരുവുവിളക്കുകൾ -വിശദമായ ബിൽ ലഭ്യമായിട്ടില്ല | 3-9 |
| 30 | സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 3-10 |
| 31 | തൊഴിലുറപ്പ് പദ്ധതി- കോൺക്രീറ്റിങ്ങ് വേലകൾ- ആദായനികുതി ഈടാക്കുന്നില്ല. | 3-11 |
| 32 | ജോയിന്റ് വെഞ്ച്വർ പ്രോജക്ടുകൾ - ബി.4 ഷെഡ്യൂൾപ്രകാരം ഉള്ള നീക്കിയിരുപ്പിന്റെ വിവരം അപൂർണ്ണം. | 3-12 |
| | ഭാഗം 4 | |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപം | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |

| | | |
|---|---|---|
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 44 | ബാലൻസ് ഷീറ്റ് | |
| 45 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 46 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 11.06.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.06.2018 മുതൽ 30.06.2018 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1786(58)/18 തീയതി 30.08.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 47,00,265.28 |
| വരവ് | 4,37,98,716.00 |
| ആകെ | 4,84,98,981.28 |
| ചെലവ് | 4,04,87,673.00 |
| നീക്കിയിരിപ്പ് | 80,11,308.28 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 9803000 | 9803000 | 9735067 | 0 | 67933 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 2377548 | 2377548 | 1940810 | 0 | 436738 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 29988 | 29988 | 18400 | 0 | 11588 |
| മെയിന്റനൻസ്, റോഡ് | | 0 | 2916000 | 2916000 | 2855752 | 0 | 60248 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 2591000 | 2591000 | 2513007 | 0 | 77993 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 9025247 | 9025247 | 4797444 | 0 | 4227803 |
| കെ.എൽ.ജി.എസ്.ഡി.പി | | 0 | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 6950 | 6500 | 13450 | 7500 | 5950 | |
| സാനിട്ടേഷൻ | | 36401.14 | 362582 | 398983.14 | 361171 | 37812.14 | |
| ഐ.സി.ഡി.എസ് | | 0 | 442922 | 442922 | 442922 | 0 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 75059.60 | 1022554 | 1097613.60 | 1094930 | 2683.60 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 206250 | 206250 | 19225 | 187025 | |
| | ജില്ലാ പഞ്ചായത്ത് | 0 | 4305000 | 4305000 | 1028075 | 3276925 | |
| ബി ഫണ്ട് | | 0 | 27333960 | 27333960 | 27333960 | 0 | |
| കേരളോത്സവം | | 0 | 20000 | 20000 | 20000 | 0 | |
| മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം | | 0 | 25000 | 25000 | 25000 | 0 | |
| വിവിധ സംസ്ഥാന ഗ്രാന്റുകൾ | | 672500 | 512500 | 1185000 | 485270 | 699730 | |
| ഉണഭോക്തൃവിഹിതം | | 0 | 745843 | 745843 | 745843 | 0 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2631854.54 | 8363603 | 10995457.54 | 6824892 | 4170565.54 | |
| | ട്രഷറി അക്കൗണ്ട് | 1076182 | 5538000 | 6614182 | 7164797 | -550615 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 122 | 52587715 | 87 | 24828669 | 27 | 8 | 71.31% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 26/17-18 | സമഗ്ര കന്നുകാലി ഇൻഷുറൻസ് | 7600 |
| 127/17-18 | കടവൂർ പി.എച്ച്.സി. റീ ഏജൻറ് മരുന്ന് വാങ്ങൽ | 60000 |
| 142/17-18 | ഘടകസ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ | 421500 |
| 15/17-18 | സോഡിയം വേപ്പർ ലാമ്പ് | 50000 |
| 103/17-18 | എ.ബി.സി. പ്രോഗ്രാം | 50000 |
| 122/17-18 | എസ്.സി. നേഴ്സറി സ്കൂൾ വയറിംഗ് | 75000 |
| 123/17-18 | തുടർ സാക്ഷരതാ പരിപാടി | 25000 |
| 124/17-18 | എസ്.ടി. വിദ്യാർത്ഥികൾക്ക് മേശ, കസേര | 10000 |

ഗ്രാന്റ് ഇൻ എയ്ഡ് - പൂർണ്ണമായും വിനിയോഗിച്ചില്ല.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡ് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 9803000 | 9735067 | 67933 | 99.3 |
| വികസനഫണ്ട് -എസ്.സി.പി | 2377548 | 1940810 | 436738 | 81.63 |
| വികസനഫണ്ട് -ടി.എസ്.പി | 29988 | 18400 | 11588 | 61.36 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 2916000 | 2855752 | 60248 | 97.93 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2591000 | 2513007 | 77993 | 96.99 |

| | | | | |
|---|---|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9025247 | 4797444 | 4227803 | 53.16 |

മോണിട്ടറിങ്ങ് .

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ് . മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 75059.60 | 1022554 | 1097613.60 | 1094930 | 2683.60 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16756370 | 16756370 | 16756370 | 0 |
| ആകെ | 75059.6 | 17778924 | 17853983.6 | 17851300 | 2683.60 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16560 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 2547900 | 217 |
| വിധവാപെൻഷൻ | 6601100 | 588 |
| വാർദ്ധക്യകാലപെൻഷൻ | 14302500 | 1261 |
| വികലാംഗപെൻഷൻ | 3383800 | 294 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 422100 | 37 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2736/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ചെലവുകൾ-ബജറ്റ് നിയന്ത്രണം

വിവിധ ആവശ്യങ്ങൾക്ക് തുക വിനിയോഗിക്കുമ്പോൾ ഫയലിലോ വൗച്ചറുകളിലോ, ബജറ്റ് നിയന്ത്രണത്തിനായി Appropriation Control രേഖപ്പെടുത്തുന്നില്ല. അതിനാൽ ചെലവ് തുകകൾ അതാത് ശീർഷകങ്ങളിലെ ബജറ്റ് അലോക്കേഷനിൽ കൂടുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണുള്ളത്.

ആസ്തികൾ

ഗ്രാമപഞ്ചായത്തിന്റെ ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. സചിത്ര, സാംഖ്യ സോഫ്റ്റ് വെയറുകൾ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ മുകൾത്തലത്തിൽ പൂർത്തീകരിക്കാത്തതിനാലാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്താൻ സാധിക്കാത്തത് എന്നാണ് ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ വിശദീകരണം.

വൗച്ചറുകളുടെ സൂക്ഷിപ്പ്

2011ലെ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 10(2) പ്രകാരം ഒരോ ധനകാര്യ ഇടപാടിനേയും സൂചിപ്പിക്കുന്ന ഉപരിപത്രമായിട്ടായിരിക്കണം വൌച്ചറുകൾ ഉപയോഗിക്കേണ്ടത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2017 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ചെലവ് രേഖകളോടൊപ്പം സാംഖ്യ വൌച്ചർ ചേർത്തിട്ടില്ല. അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ചെക്കായോ പണമായോ മറ്റ് രീതികളിലോ ബാങ്ക് അക്കൌണ്ടിലോ ട്രഷറി അക്കൌണ്ടിലോ നിക്ഷേപിക്കുന്ന / പിൻവലിക്കുന്ന തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതിന് വിരുദ്ധമായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ ചെലവുകൾ നടത്തിയിട്ടുണ്ട്. ഉദാഹരണമായി 2.5.17 ലെ ചെക്ക് നം.390838 (സിൻഡിക്കേറ്റ് ബാങ്ക്) പ്രകാരമുള്ള 9600/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 2.6.17 ലെ 21700074-ാം നമ്പർ വൗച്ചർ പ്രകാരമാണ്. ചെലവ് അനുവദിക്കുമ്പോൾ അക്കൌണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിയന്ത്രണങ്ങൾ പാലിക്കേണ്ടതാണ്.

ഭരണസമിതി തീരുമാനങ്ങൾ

ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കപ്പെടുന്നു എന്ന് ഉറപ്പാക്കപ്പെടുന്നില്ല. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് കൈക്കൊണ്ട പല തീരുമാനങ്ങളും യഥാകാലം നടപ്പാക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ഖണ്ഡിക 2-3, 2-5, 2-6 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സൂചിക സോഫ്റ്റ് വെയർ

ഫയൽ സംവിധാനം ഇ ഗവേണൻസ് വഴി സുതാര്യവും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ വെബ് ബേസ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയറായ സൂചിക ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. ലഭിക്കുന്ന തപാലുകൾ യഥാകാലം തന്നെ സൂചികയിൽ ഉൾപ്പെടുത്തി തീർപ്പ് നിരീക്ഷിക്കപ്പെടുന്നില്ല. സൂചിക സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി ഫയൽ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.11.2018 | 10/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2008 | 1997-98 മുതൽ 2007-08 വരെ | 12.06.2008 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 -ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. ബി.2 ഷെഡ്യൂളിൽ ദുരിതാശ്വാസ നിധി ബാലൻസ് ചേർത്തിരിക്കുന്നത് 14450/- രൂപയാണ്. എന്നാൽ ബി.7 ൽ ഇതേ അക്കൗണ്ടിന്റെ ബാലൻസ് ആയി ചേർത്തിരിക്കുന്നത് 5950/- രൂപയാണ്.
2. ആർ.പി.36ൽ അഡ്വാൻസായി ലഭിച്ചിരിക്കുന്ന വസ്തു നികുതി (താമസാവശ്യം) 23214/- എന്നും ബി.9 ഷെഡ്യൂളിൽ 325304/- എന്നും ചേർത്തിരിക്കുന്നു. വസ്തുനികുതി (താമസേതരാവശ്യം) അഡ്വാൻസ് ആർ.പി.36ൽ തുകയൊന്നും ചേർത്തിട്ടില്ല. എന്നാൽ ബി.9 ൽ 93257/- രൂപ ഈയിനത്തിൽ ചേർത്തിട്ടുണ്ട്.
3. സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് ബാലൻസ് തുക ബി.4 ഷെഡ്യൂളിൽ ചേർത്തിരിക്കുന്നത് ബി.17 ഷെഡ്യൂളിലെ ബാലൻസ് തുകയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
4. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5. ബി.7 ഷെഡ്യൂളിലെ ലേല ഡെപ്പോസിറ്റ് തുകയുടെ ചെലവ് ഭാഗത്ത് 1000/- രൂപ അഡ്ജസ്റ്റ്മെന്റ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് ഏത് വരവിനത്തിലാണ് ഉൾപ്പെടുത്തിയത് അഡ്ജസ്റ്റ് ചെയ്തത് എന്ന് വ്യക്തമല്ല.
6. റീവാലിഡേറ്റ് ചെയ്യാത്ത ചെക്കുകൾ "liability in respect of stale cheques" എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
7. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-13 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് വർഷം വിവിധ ജീവനക്കാരുടെ / സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് 25.01.2019 ൽ 13-ാം നമ്പർ ആയി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതേ തുടർന്ന് വിവിധ സ്ഥാപനങ്ങളിൽ നിന്ന് 12100/- രൂപ ഈയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| എൻക്വയറി യിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ തുക | രസീത് നമ്പർ | തൊഴിൽ നികുതി ഇനം |
|---|---|---|---|---|
| 1 | ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി | 1200 | 118020102206/ 29.1.19 | സ്ഥാപന തൊഴിൽ നികുതി |
| 1 | ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി | 1500 | 118020102207/ 29.1.19 | ജീവനക്കാരുടെ തൊഴിൽ നികുതി |
| 2 | പേരമംഗലം സർവ്വീസ് സഹകരണ ബാങ്ക് | 1250 | 118020102195/ 28.1.19 | സ്ഥാപന തൊഴിൽ നികുതി |
| 3 | പനങ്കര ക്ഷീരോൽപാദക സഹകരണ സംഘം | 1250 | 118020102193/ 28.1.19 | സ്ഥാപന തൊഴിൽ നികുതി |
| 3 | പനങ്കര ക്ഷീരോൽപാദക സഹകരണ സംഘം | 300 | 118020102194/ 28.1.19 | ജീവനക്കാരുടെ തൊഴിൽ നികുതി |
| 4 | മരിയ ഡെന്റൽ ക്ലിനിക്ക് | 1250 | 118020102187/ 28.1.19 | ജീവനക്കാരുടെ തൊഴിൽ നികുതി |
| | | 1250 | 118020102188/ 28.1.19 | സ്ഥാപന തൊഴിൽ നികുതി |
| 5 | ലൈഫ് ലൈൻ ഹോസ്പിറ്റൽ | 1000 | 118020102186/ 28.1.19 | സ്ഥാപന തൊഴിൽ നികുതി |
| 6 | അന്നൂർ ഡെന്റൽ കോളേജ് | 1250 | 118020102190/ 28.1.19 | സ്ഥാപന തൊഴിൽ നികുതി |
| 7 | കുടുംബശ്രീ | 600 | 118020102185/ 28.1.19 | ജീവനക്കാരുടെ തൊഴിൽ നികുതി |
| 8 | റിസ്സ ട്രേഡേഴ്സ് | 1250 | 118020102189/ 28.1.19 | സ്ഥാപന തൊഴിൽ നികുതി |
| ആകെ | | 12100 | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിൽ പ്രതിമാസ വാടകയ്ക്ക് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വാടകയ്ക്ക് എടുത്തിരിക്കുന്ന വ്യക്തിയുടെ പേര് |
|---|---|---|
| 1 | 2/284, 283,294 | ജോസ് ജോസഫ് |
| 2 | 2/279 | ഫക്രുദീൻ കെ.എ |
| 3 | 2/277 | ജോപി ജെയിംസ് |
| 4 | 2/449 | ജിന്റോ പി ബേബി |
| 5 | 2/445,436 | മീരാൻ കെ.പി |
| 6 | 2/442 | ബെന്നി റ്റി. കുര്യാക്കോസ് |
| 7 | 2/440 | ജിസ് കെ.വി |
| 8 | 2/438 O | സുബൈർ കെ.എം |
| 9 | 2/438 P | സലിം എം.പി |
| 10 | 2/435 | ഷിയാസ് കെ.പി |
| 11 | 1/438 എസ് (പഴയത്) | മുഹമ്മദ് കെ.എ |

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. ആയതിന് കുടിശ്ശിക സഹിതം തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 കോഴി ഫാം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ അഞ്ചാം വാർഡിൽ ജോബി ആവൽ തടത്തിൽ, ബെന്നി ചിറ്റേത്ത് എന്നിവർ നടത്തുന്ന കോഴിഫാമിനെതിരെ ലഭിച്ച പരാതി സംബന്ധിച്ചുള്ള അന്വേഷണത്തിൽ ഫാമുകൾക്ക് പഞ്ചായത്തിന്റെ ലൈസസൻസ് ഇല്ല എന്നും എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള ലൈസൻസ് ഉണ്ട് എന്നും

മനസ്സിലാക്കിയതിനെ തുടർന്ന് ഈ സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് (30.10.2017 ലെ 12ാം നമ്പർ തീരുമാനം). ഈ തീരുമാനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് 21.01.2019 ൽ 3-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകി.

ശ്രീ.ജോബി ആവൽ തടത്തിൽ എന്ന വ്യക്തിയുടെ കോഴിഫാമിന് ടിയാന്റെ പിതാവ് ശ്രീ.എ.എ.ചാക്കോ ആവൽ തടത്തിലിന്റെ പേരിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളതാണെന്നും ശ്രീ.ബെന്നി ചിറ്റേത്തിനോട് ലൈസൻസ് എടുക്കുവാൻ അറിയിച്ചെങ്കിലും ടിയാൻ ആയത് എടുത്തിട്ടില്ല എന്നാണ് അന്ന് ചുമതല ഉണ്ടായിരുന്ന സെക്ഷൻ ക്ലെർക്ക് ശ്രീ.അനിൽ അയ്യപ്പൻകുട്ടി റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ലൈസൻസ് എടുക്കുവാൻ ആവശ്യപ്പെട്ടിട്ടും ആയത് എടുക്കാതെ ചട്ടവിരുദ്ധമായി പരാതിക്കിടയാക്കിയ ഒരു കോഴി ഫാം പ്രവർത്തിപ്പിച്ചിട്ടും തുടർനടപടികൾ ഒന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല എന്നത്, പഞ്ചായത്തിന്റെ അറിവോടെയാണ് നിയമവിരുദ്ധമായി ശ്രീ. ബെന്നി ചിറ്റേത്ത് എന്ന വ്യക്തി കോഴിഫാം നടത്തുന്നത് എന്നാണ് സൂചിപ്പിക്കുന്നത്. ഭരണസമിതിയുടെ തീരുമാനം നടപ്പിലാക്കിയോ എന്ന് ബന്ധപ്പെട്ട ഒരു അധികാരസ്ഥാനങ്ങളും മോണിട്ടർ ചെയ്തിട്ടില്ല.

പഞ്ചായത്ത് എടുത്ത ഒരു തീരുമാനം നടപ്പിലാക്കിയോ ഇല്ലയോ എന്നറിയുന്നതിന് അന്ന് ചുമതലയിലുണ്ടായിരുന്ന (ഇപ്പോൾ പഞ്ചായത്തിൽ ഇല്ലാത്ത) ഒരു ഉദ്യോഗസ്ഥനോട് റിപ്പോർട്ട് ആവശ്യപ്പെട്ടു എന്നത് പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികളുടെ പ്രമാണീകരണം (Documentation) കൃത്യമായി യഥാസമയം നടത്തപ്പെടുന്നില്ല എന്ന് വെളിപ്പെടുത്തുന്നു. ഇത് അത്യന്തം ഗൗരവത്തോടെ വീക്ഷിക്കപ്പെടേണ്ടതാണ്.

നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിലേക്ക് ഇക്കാര്യം ശുപാർശ ചെയ്യുന്നു.

## 2-3 ചട്ടങ്ങൾ പാലിക്കാതെ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുന്നു.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോഴിഫാമുകൾക്ക് 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ നിർദ്ദേശിക്കുന്ന രീതിയിൽ ലൈസൻസ് നൽകുന്നില്ല. ചട്ടം 3(2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെയും ചട്ടങ്ങളിലെയും നിബന്ധനകൾ

പാലിക്കാതെയും യാതൊരാളും ഫാമുകൾ സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടില്ല.

ഓഡിറ്റ് വർഷത്തിൽ താഴെ പട്ടികപ്പെടുത്തിയിട്ടുള്ള 13 കോഴി ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും ഇത് ഡി&ഒ ലൈസൻസ് ചട്ടപ്രകാരമാണ് നൽകിയിട്ടുള്ളത്. ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഫാം ആരംഭിക്കുന്നതിനുള്ള അനുമതിക്കായി ഫാറം 1 ൽ ഉള്ള അപേക്ഷ, അതിന്മേൽ സെക്രട്ടറി നൽകുന്ന അനുമതി പത്രം, ചട്ടം 7 പ്രകാരം ഫാം നടത്തിപ്പിനായി ഫാറം 2 ൽ ഉള്ള അപേക്ഷയും ഫാറം .3 ൽ നൽകുന്ന ലൈസൻസ്, ലൈസൻസ് നൽകുന്ന വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ എന്നിവ ഒന്നും തന്നെ സൂക്ഷിക്കാതെ കോഴി ഫാമുകൾക്ക് ലൈസൻസ് നൽകിയത് ക്രമവിരുദ്ധം ആണ്.

| ക്രമ നം. | ലൈസൻസ് നം. | ലൈസൻസി | ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | 163/17-18 | എ.എ.ചാക്കോ, ആവലും തടത്തിൽ, ചാത്തമറ്റം | 600/- |
| 2 | 134/17-18 | ജോൺസൺ വർഗ്ഗീസ്, കാതിരുമോളേൽ, കടവൂർ | 500/- |
| 3 | 80/17-18 | പ്രതീഷ് നന്ദാറത്ത്ഉണ്ടിയിൽ, ചാത്തമറ്റം | 400/- |
| 4 | 61/17-18 | പോളി ആന്റണി വടക്കേൽ, കടവൂർ | 600/- |
| 5 | 53/17-18 | സിസിലി ചാക്കോ, വെങ്ങിണിക്കാട്, പൈങ്ങോട്ടൂർ | 300/- |
| 6 | 46/17-18 | ഷാജി ജോർജ്ജ്, ഏനാനിക്കൽ, കടവൂർ | 500/- |
| 7 | 42/17-18 | രാമൻ ചെല്ലപ്പൻ, വാഴയിൽ, കടവൂർ | 300/- |
| 8 | 41/17-18 | യോഹന്ന അഫ്രേം, ചീരകത്തോട്ടത്തിൽ ആയങ്കര | 300/- |
| 9 | 24/17-18 | ആനീസ് കര്യൻ, കുരീക്കാട്ടിൽ കടവൂർ | 300/- |
| 10 | 19/17-18 | നീലകണ്ഠൻ ഒ.സി. ഒലിക്കൽ, പൈങ്ങോട്ടൂർ | 300/- |
| 11 | 17/17-18 | ഷീല ചാക്കോ, കുരുട്ടുകുളത്തിൽ, കടവൂർ | 300/- |
| 12 | 6/17-18 | മാത്യൂ വി.ടി, വടക്കേക്കര, കടവൂർ | 500/- |
| 13 | 5/17-18 | സന്തോഷ് പി ഏല്യാസ്, പാലനാട്ട്, കടവൂർ | 400/- |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/25.1.2019) ഇനിമുതൽ ചട്ടപ്രകാരം തന്നെ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

## 2-4 ട്രേഡേഴ്സ് ലിസ്റ്റ് - പഞ്ചായത്ത് തീരുമാനം നടപ്പിലാക്കിയില്ല, ഫീസ്, നികുതി വരുമാനത്തിൽ കുറവ്.

ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ കാര്യക്ഷമമായി ഈടാക്കുന്നതിന് ട്രേഡേഴ്സ് ലിസ്റ്റ്, തൊഴിൽനികുതി രജിസ്റ്റർ എന്നിവ തയ്യാറാക്കി, പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകുന്നതിനും ലൈസസൻസ് എടുപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് 6.11.2017 ലെ 5(4) -ാം നമ്പരായി പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് ട്രേഡേഴ്സ് ലിസ്റ്റ്, തൊഴിൽനികുതി രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടുണ്ടെങ്കിൽ ആയവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ 23.01.2019ലെ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇവ കാലികമാക്കി പുതുക്കി സൂക്ഷിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അതായത് 6.11.2017 ൽ പഞ്ചായത്ത് എടുത്ത ഒരു തീരുമാനം നാളിതുവരെ നടപ്പിലാക്കിയിട്ടില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. താരതമ്യേന തനത് വരുമാനം കുറവായ പഞ്ചായത്തിൽ ലഭ്യമായ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടെങ്കിലും ആയത് നടപ്പിലാക്കപ്പെടുന്നില്ല. എടുക്കുന്ന തീരുമാനങ്ങൾ യഥാവിധി നടപ്പിലാക്കപ്പെടുന്നുണ്ട് എന്നുറപ്പാക്കുന്ന തരത്തിലുള്ള ഒരു മോണിട്ടറിങ്ങ് സംവിധാനം സ്റ്റാന്റിങ്ങ് കമ്മറ്റികളും ഭരണസമിതിയും നടത്തുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-5 മുറിച്ചിട്ട മരങ്ങൾ ലേലം ചെയ്ത് തുക മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നിരുന്ന മരങ്ങൾ വിവിധ കാരണങ്ങളാൽ മുറിച്ച് മാറ്റിയിട്ടുണ്ടെങ്കിലും ആയവ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

1. 90-ാം കോളനി

ഒന്നാം വാർഡിൽ 90-ാം കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിന് തടസ്സമായി നിൽക്കുന്ന 12 മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി 01.08.2017 ലെ ഇ.4/2030/17 -ാം നമ്പർ ഉത്തരവ് പ്രകാരം എറണാകുളം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ ഈ മരങ്ങൾക്ക് 64062/- രൂപ മൂല്യം നിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്ന് നടത്തിയ ലേലത്തിൽ പങ്കെടുക്കുവാൻ ആരും വരാത്തതിനാൽ, കെട്ടിടനിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് അനുവദിച്ച തുക കാലഹരണപ്പെട്ടു പോകാതിരിക്കാൻ മരങ്ങൾ വെട്ടിമാറ്റുന്നതിന് 16.09.2017 ലെ 12-ാം നമ്പർ പ്രകാരം പഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ തുടർന്ന് 09.01.2018 ലെ

14(1)-ാം നമ്പർ പ്രകാരം, തേക്ക് മരങ്ങൾക്ക് ലഭിച്ച കൂടിയ ലേലതുക 16200/- രൂപയാണെന്നും വാല്യുവേഷനെക്കാൾ കുറവായതിനാൽ തടികൾ വെട്ടിമാറ്റി ഇടുന്നതിനും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ലേലം ചെയ്യുന്നതിനും പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ഈ തടികൾ നമ്പരിട്ട് സ്റ്റോക്കിലെടുക്കുന്നതിനും 02.02.2018 ലെ 25(1)-ാം നമ്പർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

സോഷ്യൽ ഫോറസ്ട്രി ഉത്തരവ് പ്രകാരം 04 മഹാഗണി, 05 തേക്ക്, 01 പന, 1 പുളി, 1 പഞ്ഞിമരം എന്നിവയാണ് മുറിക്കുവാൻ അനുമതി നൽകിയിട്ടുള്ളത്. ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും തടികൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധിച്ച റിപ്പോർട്ടും മുറിച്ച തടികൾ സൂക്ഷിച്ചിട്ടുള്ളത് എവിടെ ആണെന്നും ആയത് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിന് ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.2/21.1.2019) നൽകിയതിന് തടികൾ സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് നമ്പർ 68-ൽ ചേർത്തിട്ടുണ്ടെന്നും അവ കോളനിയിലെ ഒഴിഞ്ഞ സ്ഥലത്ത് സ്റ്റോക്ക് ചെയ്തിട്ടുണ്ടന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ തടികൾക്ക് നൽകിയ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. 09.01.2018 -ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം വെട്ടിയിട്ട തടികൾ ഒരുവർഷമായിട്ടും ലേലം ചെയ്ത് കൈയ്യൊഴിയുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

2. പൈങ്ങോട്ടൂർ ഹോമിയോ ആശുപത്രി കോമ്പൗണ്ടിലെ കടപുഴകി വീണ തേക്കുമരം

പൈങ്ങോട്ടൂർ ഹോമിയോ ആശുപത്രി കോമ്പൗണ്ടിലെ കടപുഴകി വീണ തേക്കുമരത്തിന്, 25.07.2017 -ലെ 15(1)-ാം നമ്പർ പ്രകാരം, വാല്യുവേഷൻ ലഭ്യമാക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി അധികൃതരോട് അഭ്യർത്ഥിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചു. ഇതിന്റെ തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21.1.2019), 13420/- രൂപ മൂല്യം നിശ്ചയിച്ച് ലഭിച്ചിട്ടുണ്ടെങ്കിലും പല പ്രാവശ്യം ലേലം വിളിച്ചിട്ടും വളരെ കുറഞ്ഞ നിരക്ക് മാത്രമേ ലഭിക്കുന്നുള്ളൂ എന്നും ഈ മരം സ്റ്റോക്ക് രജിസ്റ്ററിന്റെ 69-ാം പേജിൽ രേഖപ്പെടുത്തി ആശുപത്രി കോമ്പൗണ്ടിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്നും തടിക്ക് സംരക്ഷണം നൽകുന്നതിന് പോലീസിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. കളപ്പുറം പമ്പ് ഹൗസിന് സമീപമുള്ള വെട്ടിയ വാകമരം

കളപ്പുറം പമ്പ് ഹൗസിന് സമീപമുള്ള വെട്ടിയ വാകമരത്തിന്, 25.07.2017 ലെ 15(1)-ാം നമ്പർ പ്രകാരം, വാല്യുവേഷൻ ലഭ്യമാക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി അധികൃതരോട് അഭ്യർത്ഥിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചു. ഇതിന്റെ തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21.1.2019), മരത്തിന് വാല്യുവേഷൻ ലഭിച്ചിരുന്നുവെന്നും (തുക ലഭ്യമല്ല) പല പ്രാവശ്യം ലേലം വിളിച്ചിട്ടും വളരെ കുറഞ്ഞ നിരക്ക് മാത്രമേ ലഭിച്ചിരുന്നുള്ളൂവെന്നും ആറ് കഷണങ്ങളായി നമ്പരിട്ട് സ്റ്റോക്കിൽ ചേർത്തിട്ടുണ്ട് (സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നമ്പരോ രജിസ്റ്ററോ ഹാജരാക്കിയിട്ടില്ല) എന്നും 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ തടികൾ ഒഴുകിപ്പോയിട്ടുള്ളതാണ് എന്ന്

അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

വാല്യുവേഷൻ തുക എത്രയെന്നോ സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നമ്പരോ സ്റ്റോക്ക് രജിസ്റ്ററോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് മാത്രമാണ് ഇതിനെ കുറിച്ച് അന്വേഷിച്ചിട്ടുള്ളത് എന്നും മറുപടിയിൽ നിന്നും വ്യക്തമാണ്.

4. രണ്ടാം വാർഡിൽ റോഡിൽ അപകടഭീഷണിയായി നിൽക്കുന്ന ആഞ്ഞിലി മരം.

രണ്ടാം വാർഡിൽ റോഡിൽ അപകടഭീഷണിയായി നിൽക്കുന്ന ആഞ്ഞിലി മരത്തിന്, 25.07.2017 ലെ 15(1)-ാം നമ്പർ പ്രകാരം, വാല്യുവേഷൻ ലഭ്യമാക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി അധികൃതരോട് അഭ്യർത്ഥിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചു. ഇതിന്റെ തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21.1.2019), മറുപടി ലഭ്യമാക്കിയിട്ടില്ല.

5. രണ്ടാം വാർഡിൽ പൈങ്ങോട്ടൂർ തോടിനു സമീപം നിൽക്കുന്ന തേക്കുമരം

രണ്ടാം വാർഡിൽ പൈങ്ങോട്ടൂർ തോടിനു സമീപം നിൽക്കുന്ന തേക്കുമരം വെട്ടുന്നതിന്, 25.07.2017 ലെ 15(2)-ാം നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതിന്റെ തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21.1.2019), ഈ മരത്തിന്റെ ഉടമസ്ഥത ശ്രീ.ജെയിംസ് പുതിയകുന്നേൽ എന്നയാൾ അവകാശപ്പെട്ടിട്ടുണ്ടെന്നും ഇയാളുടെ അപേക്ഷപ്രകാരം മരം പുറമ്പോക്ക് ഭൂമിയിലാണോ സ്ഥിതിചെയ്യുന്നത് എന്ന് തിട്ടപ്പെടുത്തിക്കിട്ടുന്നതിന് 04.08.2017 ൽ വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കത്ത് നൽകി ഒരു വർഷത്തിൽ കൂടുതലായിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ സ്വത്ത് സംരക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്ത് യഥാകാലം തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടെങ്കിലും ആയവ നടപ്പിലാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റിയോ പഞ്ചായത്ത് കമ്മറ്റിയോ മോണിട്ടർ ചെയ്യുകയോ തുടർ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് ഫണ്ടിന് ഉണ്ടാകാവുന്ന നഷ്ടം ഇല്ലാതാക്കുന്നതിന് മേൽതീരുമാനങ്ങൾ എത്രയും വേഗം നടപ്പിലാക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 2-6 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം

ശ്രീ. ജോർഡിൻ പി. കുര്യാക്കോസ്, പൂവത്തിങ്കൽ, പൈങ്ങോട്ടൂർ എന്ന വ്യക്തിയുടെ നിലവിലുള്ള 366.03 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണവുമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിനോടൊപ്പം പുതിയതായി നിർമ്മിച്ച ഒന്നാം നിലയിലുള്ള 433.90 ചതുരശ്ര മീറ്റർ

തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിനെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിച്ചപ്പോൾ ആകെ 315.65ച.മീ തറവിസ്തീർണ്ണത്തിന് മാത്രം വസ്തുനികുതി നിർണ്ണയം നടത്തുകയും അവയ്ക്ക് 21.04.2017 ൽ II/697 J മുതൽ W വരെയുള്ള കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഒന്നാം നിലയുടെ ആകെ തറ വിസ്തീർണ്ണം 433.90 ച.മീറ്ററാണ്. ഇതുപ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ 118.25 ച.മീ തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം ചട്ടങ്ങൾക്ക് വിരുദ്ധമായി വസ്തുനികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 28.01.19 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന് നികുതി ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയം നടത്തി നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 മരാമത്ത് പ്രവൃത്തികൾ - ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

.1996 -ലെ കേരള കൺസ്ട്രക്ഷൻ ആന്റ് അദർ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ്, സെക്ഷൻ 3(1), 3(2) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1%ൽ കുറയാത്ത തുക (പരമാവധി 2%) ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അടവാക്കേണ്ടതാണ്. സെക്ഷൻ 3(3) പ്രകാരം ഇങ്ങനെ അടവാക്കുന്ന തുകയുടെ 1% ൽ കുറയാത്ത തുക തൊഴിൽ ദാതാവിന് കളക്ഷൻ ചാർജ്ജായി അർഹതപ്പെട്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ ഈയിനത്തിൽ അടവാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ വർക്ക് ഫയലുകൾ പ്രകാരം ഓഡിറ്റ് വർഷത്തിൽ ക്ഷേമനിധി വിഹിതമായി ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വികസന ഫണ്ട് / സംരക്ഷണ ഗ്രാന്റ് / ധനകാര്യകമ്മീഷൻ ഗ്രാന്റ് / ലോകബാങ്ക് ധനസഹായം എന്നിവ ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നും അടവാക്കിയ തുക | 1,03,905.00 |
| തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നും അടവാക്കിയ തുക | 5,650.00 |
| ആകെ ക്ഷേമനിധി വിഹിതം | 1,09,555.00 |

.ആകെ ക്ഷേമനിധി വിഹിതത്തിന്റെ 1% തുകയായ 1096/- രൂപ കളക്ഷൻ ചാർജ്ജായി ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ടതാണ്. ഈ തുകയും മുൻവർഷങ്ങളിൽ ഈയിനത്തിൽ പഞ്ചായത്ത് പിരിച്ച് അടവാക്കിയ തുകയുടെ കളക്ഷൻ ചാർജ്ജും ഈടാക്കുന്നതിന്

നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിലേക്ക് ഇക്കാര്യം ശുപാർശ ചെയ്യുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വെള്ളക്കരം അടക്കാത്തത് മൂലം ഭീമമായ കുടിശ്ശിക -ഗ്രാന്റ് തുക 41.04 ലക്ഷം രൂപ നഷ്ടപ്പെട്ടു

ഗ്രാമപഞ്ചായത്തിന്റെ പൊതു ടാപ്പുകളുടെ വെള്ളക്കരം രണ്ട് കോടി രൂപയിൽ അധികമായെന്നും അതാത് മാസത്തെ തുകയെങ്കിലും അടക്കണമെന്നും 02.02.2018 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പൊതു ടാപ്പുകളിൽ ചിലത് പ്രവർത്തനരഹിതമാണെന്നും ആയതിനാൽ പഞ്ചായത്ത് അധികാരികളും ജല അതോറിറ്റി അധികാരികളും ചേർന്ന് ടാപ്പുകളുടെ വെരിഫിക്കേഷൻ എത്രയും വേഗം പൂർത്തിയാക്കി ആവശ്യമില്ലാത്ത ടാപ്പുകൾ നീക്കം ചെയ്യുന്ന മുറയ്ക്ക് വെള്ളക്കരം അടക്കാനും 4-ാം നമ്പരായി പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.7/22.1.2019) നൽകിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്തപരിശോധനയിൽ 45 ടാപ്പുകൾ നിലവിലില്ല എന്നും 145 ടാപ്പുകൾ ആവശ്യമുള്ളവയല്ല എന്നും 31.12.2018ൽ പഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ടാപ്പുകൾ ഒഴിവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുൻകാലങ്ങളിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് ഇൻ എയിഡിൽ നിന്നും വെള്ളക്കരം കുടിശ്ശിക ഇനത്തിൽ തുക ഉൽഭവത്തിൽ കുറവ് ചെയ്തിട്ടുണ്ടെങ്കിൽ ആ വിവരവും കുടിശ്ശിക ക്രമീകരിച്ച് പരിഷ്കരിച്ച ഡിമാന്റ് നോട്ടീസ് ലഭ്യമായിട്ടുണ്ടെങ്കിൽ ആ വിവരവും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന്, ഗ്രാന്റിൽ നിന്നും കുറവ് ചെയ്ത തുക സംബന്ധിച്ച കണക്ക് ക്ലിപ്തപ്പെടുത്തി വരുന്നു എന്നും പ്രസ്തുത തുകകൾക്ക് രസീതിനും കുടിശ്ശിക തുകയിൽ ക്രമീകരിച്ചുള്ള ഡിമാന്റ് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്നതിന് നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഭീമമായ കുടിശ്ശിക മൂലം 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വിവിധ ഗ്രാന്റുകളിൽ നിന്നും നാളിതുവരെ 41,04,438/- രൂപ ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഉത്തരവ് നം. | ഗ്രാന്റ് ഇനം | ഗഡു | കുറവ് ചെയ്ത തുക |
|---|---|---|---|
| സ.ഉ.(സാധാ)10081/2018/ധന/07.12.2018 | വികസനഫണ്ട് (ജനറൽ) | മൂന്ന് | 34,17,266/- |
| സ.ഉ.(സാധാ)10069/2018/ധന/ | പൊതുആവശ്യ | ഒമ്പത് | 5,02,167/- |

| | | | |
|---|---|---|---|
| 07.12.2018 | ഗ്രാന്റ് | | |
| സ.ഉ.(സാധാ)256 /2019 /ധന/ 11.01.2019 | പൊതുആവശ്യ ഗ്രാന്റ് | പത്ത് | 1,85,005/- |
| ആകെ | | | 41,04,438/- |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40(c) (1), 40(c)(3) എന്നിവ പ്രകാരം ഒഴിച്ചുകൂടാനാവാത്ത തുകകൾ ചെലവ് ചെയ്യാതിരിക്കുകയോ ചെലവ് നീട്ടിവയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഇത്രയും കാലം ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി അനിവാര്യ ചെലവായ വെള്ളക്കരം യഥാസമയം അടക്കാതിരുന്നത് മൂലമാണ് ഈ ഇനത്തിൽ ഭീമമായ തുക കുടിശ്ശിക ഉണ്ടായിട്ടുള്ളത്. 41.04 ലക്ഷം രൂപ ഗ്രാന്റിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക നഷ്ടപ്പെട്ടത് പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ കുടിശ്ശികയിൽ ഇളവ് ലഭിക്കുന്നതിനും ആവശ്യമില്ലാത്ത ടാപ്പുകൾ ഉടനെ റദ്ദാക്കുന്നതിനും സർക്കാരിൽ അപേക്ഷ നൽകേണ്ടതാണ്.

## 3-2 ടെണ്ടർ ഏറ്റവും കുറഞ്ഞ നിരക്ക് കാരണം രേഖപ്പെടുത്താതെ നിരസിച്ചു.

| | | |
|---|---|---|
| പ്രോജക്ട് | : | ഞാറക്കാട് - ശിവരാമൻ കവല റോഡ് കോൺക്രീറ്റിങ്ങ് വാർഡ്.9 (എസ്സ്.0037/18) |
| അടങ്കൽ | : | 321190/- സംരക്ഷണ ഗ്രാന്റ് (റോഡ്)<br>5000/- തനത് ഫണ്ട്<br>326190/- |
| ചെലവ് | : | 321190/-സംരക്ഷണ ഗ്രാന്റ് (റോഡ്)<br>4275/-തനത് ഫണ്ട്<br>325465/- |
| കരാറുകാരൻ | : | ശ്രീ.കെ.എ.ഷെറീഫ് ( 17% കുറഞ്ഞ നിരക്ക്) |
| നിർവ്വഹണ ഉദ്യോഗസ്ഥ | : | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |

മേൽ പ്രവൃത്തിയുടെ ടെണ്ടറിൽ ആകെ ഏഴ് കരാറുകാർ പങ്കെടുത്തിട്ടുണ്ട്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് ശ്രീ. എൽദോസ് പൗലോസ് എന്ന കരാറുകാരനാണ് (18.9% കുറവ്). എന്നാൽ കരാർ നൽകപ്പെട്ടത് 17% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. കെ.എ.ഷെറീഫ് എന്ന കരാറുകാരനാണ്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തപ്പെട്ട ടെണ്ടർ നിരസിക്കുവാനുണ്ടായ കാരണം ടെണ്ടർ രജിസ്റ്ററിലോ (പേജ് നം.28) ടെണ്ടറിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായിട്ടുള്ള കരാറുകാരുടെ കൈയ്യൊപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഈ പരാമർശം സംബന്ധിച്ച് വിശദീകരണം 22.01.2019 ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി ആവശ്യപ്പെട്ടിരുന്നു.

ആയതിന് ശ്രീ. എൽദോസ് പൗലോസ് സമർപ്പിച്ച നിരതദ്രവ്യം അസിസ്റ്റന്റ്

എഞ്ചിനീയറുടെ പേരിൽ പ്ലെഡ്ജ് ചെയ്തിട്ടില്ലായിരുന്നു എന്നും രണ്ടാമത്തെ കുറവ് തുക രേഖപ്പെടുത്തിയ ശ്രീ. കെ.എ.ഷെറീഫിന്റെ രേഖകൾ കൃത്യമായിരുന്നതിനാലും ഇക്കാര്യം കമ്മറ്റിയിൽ ചർച്ച ചെയ്തതിനെ തുടർന്നാണ് ഇയാളുടെ ടെണ്ടർ സ്വീകരിച്ചത് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ ശ്രീ. എൽദോസ് പൗലോസ് ഇ.എം.ഡി. ആയി സമർപ്പിച്ച രേഖ എന്തായിരുന്നുവെന്നും, ആയത് എ.ഇ.യുടെ പേരിൽ പ്ലെഡ്ജ് ചെയ്തിട്ടില്ലായിരുന്നുവെന്നും ഉള്ള കാര്യങ്ങൾ ടെണ്ടർ രജിസ്റ്ററിലോ ടെണ്ടറിലോ ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിലോ (നം.8/ 23.8.2017) രേഖപ്പെടുത്തിയിട്ടില്ല. കാരണം വ്യക്തമായി രേഖപ്പെടുത്താതെ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ നിരസിച്ച നടപടി ക്രമവിരുദ്ധമാണ്. ഇത്തരം നടപടികൾ പഞ്ചായത്തിനെ അനാവശ്യ വ്യവഹാരങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നതിന് കാരണം ആകും എന്നതിനാൽ ടെണ്ടറുകൾ വ്യക്തമായ വിശദീകരണം രേഖപ്പെടുത്തിയ ശേഷം മാത്രം നിരസിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി, ഭരണസമിതി എന്നിവയുടെ ശ്രദ്ധയിലേക്ക് ഇക്കാര്യം ശുപാർശ ചെയ്യുന്നു.

## 3-3 സർക്കാർ അനുമതിയില്ലാതെ - ദിവസവേതനത്തിൽ നിയമനം

പഞ്ചായത്തിൽ നിലവിലുള്ള ജീവനക്കാരുടെ ആകെ തസ്തികകളുടെ എണ്ണം 12 ആണ്. 2017-18 വർഷം പഞ്ചായത്തിൽ 4 പേർ ദിവസവേതനത്തിൽ ജോലി ചെയ്തിട്ടുണ്ട്. ഹോമിയോ ആശുപത്രിയിലെ പാർട്ട്ടൈം സ്വീപ്പർ, അറ്റൻഡർ എന്നീ തസ്തികകളിലും പഞ്ചായത്ത് ഓഫീസിൽ ഡ്രൈവർ തസ്തികയിലും ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലുമാണ് ദിവസവേതനത്തിൽ ജീവനക്കാർ ജോലി ചെയ്യുന്നത്. മറ്റു തസ്തികകൾ നിലവിലുള്ളതാണെങ്കിലും പഞ്ചായത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ/ക്ലറിക്കൽ തസ്തികയിൽ തൻവർഷം ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടില്ല. തൻവർഷം പഞ്ചായത്തിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി. റെജി പി.-എന്ന ജീവനക്കാരി 1.5.08 മുതൽ മൂന്നു മാസക്കാലത്തേക്ക് ഡി.ഡി.പി-യുടെ 7.6.2008-ലെ ഡി.1-3784/2008 പ്രകാരം നിയമനം ലഭിച്ചിട്ടുള്ളതാണെന്ന് ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. ടി കാലയളവിലേക്ക് കരാറും ചമച്ചിട്ടുണ്ട്. പിന്നീട് നിയമന കാലാവധി ദീർഘിപ്പിച്ചു നൽകിയതു സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

ദിവസവേതന / കരാർ നിയമനങ്ങൾ അടിയന്തിര ഘട്ടത്തിൽ മാത്രം നടത്തുന്നതിനും അവർക്കുള്ള വേതനം സംബന്ധിച്ചും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ 26.02.2016ലെ ജി.ഒ.(പി) നം. 28/2016/ധന നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് സർക്കാരിൽ നിന്നുള്ള സ്പഷ്ടമായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം നിയമനങ്ങൾ നടത്താവൂ. നിയമനങ്ങൾ 179 ദിവസത്തേക്ക് ആയിരിക്കേണ്ടതുമാണ്. ദിവസവേതന / കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ തുടർന്ന് നിയോഗിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് മേധാവി / ഭരണവകുപ്പ് കാലാകാലങ്ങളിൽ വിലയിരുത്തേണ്ടതാണെന്ന് 28.04.2017

-ലെ ജി.ഒ.(പി)56/2017/ധന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പഞ്ചായത്തിൽ ദിവസവേതന നിയമനം നടത്തിയിട്ടുള്ളത് എന്ന് കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 21.07.2018ലെ ജി.ഒ(പി)112/2018/ധന. ഉത്തരവിന്റെയും ഇതുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികയിൽ നിയമിച്ചിട്ടുള്ള വ്യക്തികൾക്കാണ് വേതനം നൽകിപ്പോരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 2017-18 വർഷത്തിൽ ക്ലെർക്കിന്റെയോ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയോ (ഈ പോസ്റ്റ് പഞ്ചായത്തിൽ അനുവദിച്ചിട്ടില്ല) ഒഴിവുകൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. ആയതിനാൽ മറുപടി സ്വീകാര്യമല്ല. ഇത്തരം നിയമനങ്ങൾ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രം നടത്തേണ്ടതാണ്.

## 3-4 ചെലവുരേഖകൾ ലഭ്യമാക്കയില്ല

കൊതുകുനശീകണ പ്രവൃത്തികൾക്കായി ചെക്ക് നം.391419/20.7.2017 പ്രകാരം 27400/- രൂപ മെഡിക്കൽ ഓഫീസർ പി.എച്ച്.സി. കടവൂർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ എത്രയും വേഗം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം.18) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ചെലവുരേഖകളുടെ അഭാവത്തിൽ 27400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് (ഗ്രീൻ പ്രോട്ടോക്കോൾ) ബൈലോ - അംഗീകാരം നേടിയിട്ടിയില്ല.

പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219 പ്രകാരം തയ്യാറാക്കിയ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് (ഗ്രീൻ പ്രോട്ടോക്കോൾ) ബൈലോയുടെ കരട് അംഗീകരിക്കുകയും ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ട് നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനും 25.07.2017 ലെ 14-ാം നമ്പർ ആയി പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട് 21.1.2019 ലെ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് കരട് ബൈലോ ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരട് ബൈലോ അംഗീകരിച്ച് ഒന്നര വർഷമായിട്ടും ബൈലോക്ക് സർക്കാരിൽ നിന്നും അംഗീകാരം നേടി നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. നാട് നേരിടുന്ന ഏറ്റവും വലിയ മലിനീകരണ വെല്ലുവിളിയാണ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ എത്രയും വേഗം ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഇക്കാര്യം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

## 3-6 ദർഘാസ് പരസ്യങ്ങൾ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

പൊതുഭരണ (ഇൻഫോർമേഷൻ & പബ്ലിക് റിലേഷൻസ്-ഡി) വകുപ്പ് സ.ഉ.(അച്ചടി)01/04/ ഐ&പി.ആർ, തീയതി 01.01.2004 പ്രകാരം പരസ്യങ്ങൾ വിൻഡോ രൂപത്തിൽ മാത്രമായിരിക്കേണ്ടതും, വിവിധ ആവശ്യങ്ങൾക്കുള്ള പരസ്യങ്ങൾ സംയോജിപ്പിച്ച് നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി തൊഴിലുറപ്പ പദ്ധതിയുമായി ബന്ധപ്പെട്ട് 2017-18 വർഷത്തിൽ മെറ്റീരിയൽ വർക്ക് ചെയ്യുന്നതിന് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായും, സൈറ്റ് ബോർഡ് വിതരണം ചെയ്ത് ഫിക്സ് ചെയ്യുന്നതിനായും 3x2 കോളം പരസ്യം, ഒരേ ദിവസം (03.08.2017) ഒരേ ദിനപത്രത്തിൽ (ദേശാഭിമാനി) രണ്ടുപരസ്യങ്ങളായി നൽകിയിട്ടുണ്ട് (ഫയൽ നം.3118/1.8.2017). ഈ പരസ്യങ്ങൾ നൽകിയതിന് 6742/- (3371+3371) രൂപ നൽകിയിട്ടുണ്ട് (ബിൽ നം.15/17-18,തീ.25.10.17).

ഇത്തരത്തിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പരസ്യങ്ങൾ നൽകിയത് സംബന്ധിച്ച് വിശദീകരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/25.1.2019) രണ്ട് രീതിയിലുള്ള വർക്ക് ആയതിനാലാണ് രണ്ടു പരസ്യമായി കൊടുത്തത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് ഭാവിയിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കേണ്ടതും ഈ ഇനത്തിലുള്ള ചെലവ് കുറക്കേണ്ടതുമാണ്.

## 3-7 കടവൂർ പി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങൽ -അപാകത

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നടപ്പിലാക്കിയ കടവൂർ പി.എച്ച്.സി യിലേക്ക് മരുന്നു വാങ്ങൽ (എസ്.39/18)- എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി 1,50,000/-രൂപ (ബിൽ നം.2/28.10.2017) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരുന്നു വാങ്ങിയിരിക്കുന്നത് പോത്താനിക്കാട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നാണ്. അലോപ്പതി മരുന്നുകൾ വാങ്ങേണ്ടത് കെ.എം.എസ്.സി.എല്ലിൽ നിന്നാണെന്ന് പദ്ധതി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട് (സ.ഉ.(എം.എസ്) 80/2017 തീയതി 3.4.2017). ആയതിന് വിരുദ്ധമായി നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നുകൾ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം നേരിടുന്നതിനാൽ നീതി സ്റ്റോറിൽ നിന്നും മരുന്നുകൾ വാങ്ങുവാനുള്ള നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിക്കണമെന്ന നിർദ്ദേശമനുസരിച്ചാണ് (06.10.2017ലെ 9/9(5)-ാം നമ്പർ തീരുമാനം) നീതി സ്റ്റോറിൽ നിന്നും മരുന്നു വാങ്ങിയതെന്ന് അറിയിച്ചു. അവശ്യം വേണ്ട മരുന്നുകൾ കെ.എം.എസ്.സി.എല്ലിൽ നിന്നും ലഭ്യമാകുന്നതിലെ കാലതാമസം സംബന്ധിച്ച വസ്തുതകൾ പഞ്ചായത്ത് ഭരണസമിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 3-8 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

കടവൂർ ജി.എൽ.പി.എസ്. ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.എസ്.എ. വിഹിതം (എസ് 0002/18) എന്ന പ്രോജക്ടിനായി തൻവർഷം 283534/-രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം.1/17-18/19.7.17- 2,00,000/-രൂപ, ബിൽ നം.2/17-18/13.3.18 - 83534/-രൂപ). തുക എസ്.എസ്.എ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് ലഭിച്ചതായുള്ള രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി 283534/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 തെരുവുവിളക്കുകൾ -വിശദമായ ബിൽ ലഭ്യമായിട്ടില്ല

പഞ്ചായത്തിൽ നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം 434 ആണെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| ബൾബ്-60w | 229 |
| ട്യൂബ്-40w | 27 |
| സി.എഫ്.എൽ-11w*2 | 150 |
| ബൾബ്-60w | 27 |
| ഹൈമാസ്റ്റ് ലൈറ്റ് | 1 |

ഓരോ വാർഡുകളിലും എതൊക്കെ ഇനം തെരുവുവിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. 1.4.17 മുതൽ 16.4.17 വരെയുള്ള കാലയളവിൽ 36451/-രൂപയും 17.4.17 മുതൽ 31.3.18 വരെയുള്ള കാലയളവിൽ 42009/- രൂപ നിരക്കിലുമാണ് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടച്ചിരിക്കുന്നത്. കെ.എസ്.ഇ.ബി-യുടെ പോത്താനിക്കാട് ഇലക്ട്രിക്കൽ ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 29.5.17-ലെ കത്ത് നം.B/B/Tarrif rev./PTCD/2017-18/32 പ്രകാരമാണ് പ്രതിമാസ വൈദ്യുതി ചാർജ് 36451/-ൽ നിന്നും 42009/-രൂപയായി ഉയർത്തി എന്ന വിവരം പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളത്. ഓരോ ഇനം തെരുവുവിളക്കുകളുടെ വൈദ്യുതി ഉപയോഗം, നിരക്ക് എന്നിവ വിശദമായി രേഖപ്പെടുത്തിയിട്ടുള്ള ബിൽ ചേർത്തിട്ടില്ല. ആയതിനാൽ വൈദ്യുതി ചാർജ് നിശ്ചയിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.16) മറുപടിയിൽ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് മാത്രമാണ് സൂചിപ്പിച്ചിട്ടുള്ളത്. കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ് പുതുക്കുന്ന സമയത്ത്,

പഞ്ചായത്തിൽ നിലവിലുള്ള ഓരോ ഇനം തെരുവുവിളക്കുകളുടെ എണ്ണം, വൈദ്യുതി ഉപയോഗം, വൈദ്യുതി ചാർജ് നിരക്ക് എന്നിവ വ്യക്തമാക്കുന്ന വിശദമായ ബിൽ ആവശ്യപ്പെടേണ്ടതും ആയതനുസരിച്ച് വൈദ്യുതി ചാർജ് അടക്കേണ്ടതുമാണ്.

## 3-10 സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രി പങ്കെടുക്കുന്ന ഉദ്ഘാടനത്തിനായി ചെലവഴിക്കാവുന്ന പരമാവധി തുക 25000/-രൂപയും മറ്റ് ചടങ്ങുകൾക്ക് പരമാവധി 10000/- രൂപയും ആയി 26.12.2015-ലെ സ.ഉ.(സാധാ)3866/2015/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ 21.10.2017-ൽ നടന്ന ജലസേചന വകുപ്പ് മന്ത്രി പങ്കെടുത്തിട്ടുള്ള പരിതപ്പുഴ ചെക്ക് ഡാം കം ട്രാക്ടർ പാസ്സേജിന്റെ ഉദ്ഘാടനച്ചടങ്ങിന് കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | തുക | ചെക്കനം. | വൌച്ചർ നം. |
|---|---|---|---|
| പന്തൽ | 5000 | 392239/9.11.2017 | 21700588/9.11.2017 |
| ഫ്ലെക്സ് ബോർഡ്,ബാനർ | 10000 | 392238/9.11.2017 | 21700589/9.11.2017 |
| മൈക്ക് അനൗൺസ്മെന്റ് | 4500 | 392238/10.11.2017 | 21700589/10.11.2017 |
| സ്റ്റേജ്, കസേര വാടക | 10000 | 392238/10.11.2017 | 21700589/10.11.2017 |
| ആകെ ചെലവ് | 29500 | | |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 25,000/-രൂപയിൽ കൂടുതൽ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21) നൽകിയ മറുപടിയിൽ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തനത് വരുമാനം നന്നേ കുറവായ പഞ്ചായത്ത് ഇത്തരം ചെലവുകൾ മിതത്വം പാലിച്ച് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 തൊഴിലുറപ്പ് പദ്ധതി- കോൺക്രീറ്റിങ്ങ് വേലകൾ- ആദായനികുതി ഈടാക്കുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കോൺക്രീറ്റിങ്ങ് പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടറിൽ ശ്രീ.നജീബ് .ഇ. ജെ. എന്ന വ്യക്തിക്ക് കരാർ നൽകിയിട്ടുണ്ട്. കോൺക്രീറ്റ് പണികൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്തതിനുള്ള തുക നൽകിയപ്പോൾ ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. ആദായനികുതി നിയമം 194സി. പ്രകാരം ബിൽ തുകയുടെ ഒരു ശതമാനം ആദായനികുതി ഉൽഭവത്തിൽ കുറവ് ചെയ്യേണ്ടതായിരുന്നു. ബിൽ സംബന്ധിച്ച വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | നൽകിയ തുക | എഫ്.ടി.ഒ.നം | ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | വാട്ടർടാങ്കിലേക്കുള്ള വഴി കോൺക്രീറ്റിങ്ങ് | 141552/- | 539919 | 1416/- |
| 2 | തകിടിപ്പീടിക പള്ളിത്താഴം ക്രോസ് റോഡ് വശങ്ങളിൽ കരിങ്കല്ല് കെട്ടി മണ്ണിട്ട് നികത്തൽ, കലുങ്ക് | 234803/- | 538429 | 2475/- |
| | | 12676/- | 555632 | |
| 3 | 90-ാം കോളനി നടപ്പാത കോൺക്രീറ്റിങ്ങ് | 215106/- | 531056 | 2151/- |
| 4 | വട്ടക്കുന്നേൽപടി കവലക്കണ്ടം റോഡ് കോൺക്രീറ്റിങ്ങ് | 85949.50 | 538429 | 859/- |
| 5 | ബ്ലായിൽപാടം തോട് റോഡ് കോൺക്രീറ്റിങ്ങ് | 131761/- | 539907 | 1318/- |
| 6 | പൂമാലക്കുന്നേൽതൊണ്ട് കോൺക്രീറ്റിങ്ങ് | 102592.50 | 538429 | 1026/- |
| 7 | ഇരുപൂൾച്ചുവട് നമ്പേലിത്താഴം റോഡ് കോൺക്രീറ്റിങ്ങ് | 172930/- | 530215 | 1729/- |
| 8 | തറമുട്ടം കോളനി നടപ്പാത കോൺക്രീറ്റിങ്ങ് | 187337.50 | 538429 | 1873/- |
| ആകെ | | | | 12847/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/23.1.2019) ആയത് ഈടാക്കി അടക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-12** ജോയിന്റ് വെഞ്ചർ പ്രോജക്ടുകൾ - ബി.4 ഷെഡ്യൂൾ പ്രകാരം ഉള്ള നീക്കിയിരുപ്പിന്റെ വിവരം അപൂർണ്ണം

ഓഡിറ്റ് വർഷത്തിലെ ജോയിന്റ് വെഞ്ചർ പ്രോജക്റ്റിന്റെ നിർവ്വഹണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ലഭിച്ച 5093919/- രൂപയിൽ 1406894/- രൂപ വിനിയോഗിച്ചിട്ടുണ്ട്. നീക്കിയിരുപ്പ് 3687025/-രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ ബി.4 ഷെഡ്യൂൾപ്രകാരം നീക്കിയിരുപ്പ് തുക താഴെ പറയും പ്രകാരം 5272070/- രൂപയാണ്.

| കോഡ് നം | വിശദവിവരം | തുക |
|---|---|---|

| | | |
|---|---|---|
| 320300199 | Grants, Funds and Contributions for specific purposes other government agencies | 699800.00 |
| 320700104 | Contribution for joint venture projects (for Capital expenditure) from Block Panchayats. | 187025.00 |
| 320700105 | Contribution for joint venture projects (for Capital expenditure) from District Panchayats. | 885245.00 |
| 320700205 | Contribution for joint venture projects (for Revenue expenditure) from District Panchayats. | 3500000.00 |
| ആകെ | | 5272070.00 |

ഏതെല്ലാം പ്രോജക്റ്റുകൾക്ക് വേണ്ടിയാണ് 1585045/- രൂപ (5272070-3687025) നീക്കിയിരുപ്പ് ഉള്ളത് എന്ന് വ്യക്തമാകുന്നില്ല. അവ ഏതെല്ലാമെന്ന് വ്യക്തമാക്കേണ്ടതും ഈ തുകകൾ സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.08/22.01.2019) നൽകിയെങ്കിലും വ്യക്തമായ മറുപടി ഹാജരാക്കിയിട്ടില്ല. എ.സി.ആർ. കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഈ തുകകളുടെ വിശദവിവരം ലഭ്യമല്ല. പ്രസ്തുത തുകകൾ വിനിയോഗിക്കുന്നതിന് പ്രോജക്റ്റുകൾ ഏറ്റെടുത്തിട്ടില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 680000/- | നെൽകൃഷിവികസനം | 680000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 3500000/- | ലൈഫ് മിഷൻ | 0 | 3500000/- |
| ജില്ലാ പഞ്ചായത്ത് | 2017-18 | 125000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 687669/- | എസ്.സി.നേഴ്സറി സ്കൂൾ കെട്ടിടനിർമ്മാണം | 500644/- | 187025/- |
| ബ്ലോക്ക് | 2017-18 | 101250/- | ശാരീരിക മാനസിക | 101250/- | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |

.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

.ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 19/17-18/ 25.1.18 | 100000/- | 0 | 100000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

.ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാതുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ.(സാധാ) 530/2010/ തസ്വഭവ/ 18.02.2010 | 86,25,000/- | 26,79,833/- | 862500/- | ഇല്ല | 18,17,333/- |

.

## 4-5 സ്ഥിര നിക്ഷേപം

.ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 19290/-രൂപയുടെ വിശദാംശങ്ങൾ (RP26, code 280100102) താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2-1 | 18040/- | പ്രിൻസിപ്പാൾ വിമലജ്യോതി പബ്ലിക്ക് സ്കൂൾ | 117020101429, 10.10.2017 |
| 2001-02 | 2-4 | 1250/- | മാനേജർ, ഇ.ഡി.സി.ബി, പൈങ്ങോട്ടൂർ | 117020103460, 17.02.2018 |
| ആകെ | | 19290/- | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും തന്നെ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 43798716.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 40487673.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 12847.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 310934.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| | | | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 27400.00 | ഡോ.അഭിലാഷ് കൃഷ്ണൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-8 | 283534.00 | ശ്രീമതി.സതി.കെ.കെ., ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. |
| ആകെ | 310934.00 രൂപ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 12847.00 രൂപ | ശ്രീമതി. കലാമണി.വി.എസ്, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.കലാമണി.വി.എസ്. | സെക്രട്ടറി, കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | പ്രാക്കൽ പുത്തൻപുര, വാരപ്പെട്ടി.പി.ഒ. |
| ഡോ.അഭിലാഷ് കൃഷ്ണൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കടവൂർ | ശ്വേതഭവൻ, തൊടാപ്പറമ്പ്, കുവപ്പടി.പി.ഒ. 683544 |
| ശ്രീമതി.സതി.കെ.കെ. | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. കടവൂർ | കുന്നിക്കൊമ്പിൽ വീട്, വണ്ണപ്പുറം.പി.ഒ. തൊടുപുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി1)300/00/26.4.2001 |
| 1997-98 | എൽ.എഫ്.ഇ.(പി1)239/01/30.6.01 |
| 1998-99 | എൽ.എഫ്.ഇ.(പി1)1440/01/12.12.2001 |
| 2000-01 | എൽ.എഫ്.ഇ.(പി1)1334/03/14.1.2001 |
| 2001-02 | എൽ.എഫ്.ഇ.(പി1)715/04/09.08.2004 |
| 2002-03 | എൽ.എഫ്.ഇ.(പി7)337/09/30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി7)338/09/30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി7)339/09/30.11.2009 |
| 2005-06 | എൽ.എഫ്.ഇ.(പി7)340/09/30.12.2009 |
| 2006-07 | എൽ.എഫ്.ഇ.(പി7)864/12/14.06.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7)865/12/14/06.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7)866/12/14.06.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7)867/12/14.06.2012 |
| 2010-11 &11-12 | എൽ.എഫ്.ഇ.(പി7)1613/13/11.09.2013 |
| 2012-13&13-14 | എൽ.എഫ്.ഇ.(പി7)616/15/12.06.2015 |
| 2014-15 | എൽ.എഫ്.ഇ.(പി7)1305/2016/29.07.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി7) 2236/2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി7) 1658/2017/ 10.10.2017 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.- ഇകെഎം (പി7) 120/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in
തീയതി: 15/02/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 215(6), കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. ബി.2 ഷെഡ്യൂളിൽ ദുരിതാശ്വാസ നിധി ബാലൻസ് ചേർത്തിരിക്കുന്നത് 14450/- രൂപയാണ്. എന്നാൽ ബി.7 ൽ ഇതേ അക്കൗണ്ടിന്റെ ബാലൻസ് ആയി ചേർത്തിരിക്കുന്നത് 5950/- രൂപയാണ്.
2. ആർ.പി.36ൽ അഡ്വാൻസായി ലഭിച്ചിരിക്കുന്ന വസ്തു നികുതി (താമസാവശ്യം) 23214/- എന്നും ബി.9 ഷെഡ്യൂളിൽ 325304/- എന്നും ചേർത്തിരിക്കുന്നു. വസ്തുനികുതി (താമസേതരാവശ്യം) അഡ്വാൻസ് ആർ.പി.36ൽ തുകയൊന്നും ചേർത്തിട്ടില്ല. എന്നാൽ ബി.9 ൽ 93257/- രൂപ ഈയിനത്തിൽ ചേർത്തിട്ടുണ്ട്.
3. സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് ബാലൻസ് തുക ബി.4 ഷെഡ്യൂളിൽ ചേർത്തിരിക്കുന്നത് ബി.17 ഷെഡ്യൂളിലെ ബാലൻസ് തുകയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
4. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
5. ബി.7 ഷെഡ്യൂളിലെ ലേല ഡെപ്പോസിറ്റ് തുകയുടെ ചെലവ് ഭാഗത്ത് 1000/- രൂപ

അഡ്ജസ്റ്റ്മെന്റ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് ഏത് വരവിനത്തിലാണ് ഉൾപ്പെടുത്തി അഡ്ജസ്റ്റ് ചെയ്തത് എന്ന് വ്യക്തമല്ല.

6. റീവാലിഡേറ്റ് ചെയ്യാത്ത ചെക്കുകൾ "liability in respect of stale cheques" എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
7. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ